DESHABHIMANI - 14-01-2025

# മത്സ്യത്തൊഴിലാളികൾക്കുള്ള ശബ്ദസന്ദേശ സേവനത്തിന് തുടക്കം

## ആറ് തീരദേശ ജില്ലകളിലെ അറുപതിനായിരത്തോളംപേർക്ക് സേവനം ലഭിക്കും



മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേക്ക് എത്തിക്കുന്ന ശബ്ദസന്ദേശ സേവനത്തിന്റെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ നിർവഹിക്കുന്നു

**കൊച്ചി**

മത്സ്യത്തൊഴിലാളികൾക്ക് മേഖലയിലെ വിവരങ്ങൾ കൃത്യമായ എത്തിക്കാനുള്ള ശബ്ദരേഖാ സംവിധാനത്തിന് തുടക്കമായി. കടൽസുരക്ഷ, ബോട്ട്സുരക്ഷ, മത്സ്യമൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെ പ്രധാനപ്പെട്ട വിവരങ്ങൾ മൊബൈൽ ഫോൺ വഴി എത്തിക്കുന്നതാണ് സേവനം. ഐസിഎആർ സിഫ്റ്റിന്റെയും റിലയൻസ് ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിലുള്ള ശബ്ദരേഖാ സന്ദേശ സേവനത്തിന്റെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ നിർവഹിച്ചു.

സിഫ്റ്റിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ, റിലയൻസ് ഫൗണ്ടേഷൻ വോയ്സ് കോൾവഴിയാണ് വിവരങ്ങൾ മത്സ്യത്തൊഴിലാളികളിൽ എത്തിക്കുക. സിഫ്റ്റിലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഏകോപിപ്പിക്കുന്ന പരിപാടി മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതവും വിശ്വസനീയവുമായ വിവരങ്ങൾ ഉറപ്പാക്കും. ആറ് തീരദേശ ജില്ലകളിലെ അറുപതിനായിരത്തോളംപേർക്ക് സേവനം ലഭിക്കും.